**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 323** **08-06-2021 - ൽ മറുപടിയ്ക്ക്**

**2011-2016 കാലയളവിലെ ക്ഷേമ പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2011 മുതൽ 2016 വരെ വിവിധ ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുക, എത്ര പേർക്ക് നൽകി എന്നിവയുടെ വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിവരങ്ങൾ ശേഖരിച്ചുവരുന്നു |
| (ബി) | പ്രസ്തുത കാലയളവിൽ ക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | വിവരങ്ങൾ ശേഖരിച്ചുവരുന്നു |
| (സി) | 2014 മുതൽ വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വിവിധതരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വൃദ്ധമന്ദിരം/യാചകമന്ദിരം എന്നിവിടങ്ങളിലെ താമസക്കാർക്ക് ഗ്രാന്റ് നൽകുന്നതായി എൻ.ജി.ഒ യ്ക്ക് ഗ്രാന്റ് നൽകുന്ന "ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി" പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് 18/08/2015 ലെ സ.ഉ(സാധാ)നം.522/2015/ സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു താമസക്കാരനുള്ള ഗ്രാന്റ് തുക 750/- രൂപയിൽ നിന്നും 1,500/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 14.01.2015 ലെ സ.ഉ(സാധാ) നം.17/2015/ സാനീവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പ്രതിമാസ ഗ്രാന്റ് 850/- രൂപയിൽ നിന്നും 1,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 10/10/2018 ലെ സ.ഉ(സാധാ)നം.590/2015/ സാനീവ നമ്പർ സർക്കാർ ഉത്തരവ് ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000/- രൂപയിൽ നിന്നും 1,100/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുശേഷം ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല. 29/07/2015 ലെ ജി.ഒ(ആർ.ടി)നം.467/2015/ സാനീവ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഭക്ഷണം മരുന്ന് എന്നിവയ്ക്ക് നൽകിയിരുന്ന പ്രതിമാസ ഗ്രാന്റ് 850/- രൂപയിൽ നിന്നും 3,000/- രൂപയായും വസ്ത്രങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | നൽകിയിരുന്ന പ്രതിവർഷ ഗ്രാന്റ് 1,000/- രൂപയിൽ നിന്നും 2,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിയ്ക്കുന്ന സർക്കാർ അംഗീകാരമുള്ള സർക്കാർ/സർക്കാരിതര സൈക്കോസോഷ്യൽ പുനരധിവാസ കേന്ദ്രങ്ങൾക്ക് 21/11/2012 ലെ ജി.ഒ(ആർ.ടി) നം.511/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിച്ചു വരുന്നത്. സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഹോസ്റ്റൽ/ഹോം മെയിന്റനൻസ്, മെഡിസിൻ & ലാബ് ചാർജുകൾ എന്നിവയ്ക്ക് പ്രതിമാസം 750/- രൂപയും, കണ്ടിജൻസിയ്ക്ക് പ്രതിവർഷം 1,600/- രൂപയും ഗ്രാന്റായി അനുവദിച്ചുവരുന്നു. ടി ഗ്രാന്റ് തുക ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ